# Desabhimani
# 27 August 2018
# Kochi, After Flood, Cleaning

## തിരുവോണനാളിലും അധ്യാപകർ സ്കൂളിൽ; ചോക്കിനുപകരം കൈയിൽ ചൂലും മൺവെട്ടിയും

**കൊച്ചി**

കെഎസ്ടിഎയുടെ നേതൃത്വത്തിൽ അധ്യാപകർ തിരുവോണദിനത്തിലും സ്കൂളുകൾ ശുചീകരിച്ചു. നോർത്ത് പറവൂർ ഗവ. എൽപിജി സ്കൂൾ, ചാലാക്ക ഗവ. എൽപി സ്കൂൾ എന്നിവയാണ് അധ്യാപകർ ശുചീകരിച്ചത്.

29ന് സ്കൂൾ തുറക്കുമ്പോൾ എല്ലാ വിദ്യാലയങ്ങളും പഠനസജ്ജമാക്കുകയെന്ന ലക്ഷ്യത്തോടെയാണ് കെഎസ്ടിഎയുടെ പ്രവർത്തനം. നാലുദിവസത്തിനിടെ ജില്ലയിലെ 21 വിദ്യാലയങ്ങൾ ശുചീകരിച്ചു. കൊങ്ങോർപ്പിള്ളി ഗവ. എച്ച്എസ്, ഒളനാട് ലിറ്റിൽ ഫ്ളവർ എൽപിഎസ് എന്നിവയും വൃത്തിയാക്കി. കോതകുറിശി ദയ ചാരിറ്റബിൾ സൊസൈറ്റി പ്രവർത്തകരും തൃത്താല സബ്ജില്ലയിലെ അധ്യാപകരും ശുചീകരണത്തിൽ പങ്കാളികളായി. കെഎസ്ടിഎ സംസ്ഥാന എക്സിക്യൂട്ടീവ് അംഗങ്ങളായ ടി വി പീറ്റർ, എൽ മാഗി, ജില്ലാ പ്രസിഡന്റ് ജി ആനന്ദകുമാർ, സെക്രട്ടറി കെ വി ബെന്നി, അജി നാരായണൻ, ജോസ് പെറ്റ്, ഏല്യാസ് മാത്യു, ഷനോജ്കുമാർ എന്നിവർ നേതൃത്വംനൽകി.